പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള കേന്ദ്ര സഹായം

112 [2832] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി ഏതെല്ലാം ഇനങ്ങളിൽ എത്ര രൂപ വീതം കേന്ദ്ര സഹായം ലഭിച്ചു എന്ന് തരംതിരിച്ച് ഓരോ വർഷത്തേയും വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ ഇനത്തിലും ലഭിച്ച തുകയിൽ എത്ര രൂപ വീതം ചെലവിട്ടു എന്നും ബാക്കി തുക, ചെലവിടാൻ ഉള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര സഹായം യഥാസമയത്ത് ചെലവഴിക്കാത്തതിനാൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച എന്ത് തുക വീതം ലാപ്സായിപ്പോയി എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ സമയത്ത് തുക ചെലവഴിക്കാത്തതിന്റെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കോർപ്പസ് ഫണ്ട് വിനിയോഗം

113 [2833] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2001-02, 2002-03, 2003-04 വർഷങ്ങളിൽ എത്ര തുകയുടെ പ്രവൃത്തികൾക്ക് അനുമതി നല്കി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്നും ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കോർപ്പസ് ഫണ്ടിൽ നിന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ചു നൽകിയ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2002-2003 വർഷം മുതലാണ് പട്ടികവർഗ്ഗ ഉപ പദ്ധതി കോർപ്പസ് ഫണ്ടിനത്തിൽ തുക വകയിരുത്തി തുടങ്ങിയത്. 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ജില്ലാതലത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കോർപ്പസ് ഫണ്ടിൽനിന്നു അനുവദിച്ചിട്ടുള്ള തുകയുടെ വിവരം† അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

(ബി) സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങളിൽ പുരോഗതി, ഭവന നിർമ്മാണം, പ്രത്യേകിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത മറ്റു വികസന പരിപാടികൾ എന്നിവയ്ക്കാണ് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കാറുള്ളത്.

ജില്ലകളിൽനിന്നും ലഭിക്കുന്ന പ്രൊജക്ടുകൾക്ക് ധനസഹായം നല്കുന്നതിനും സംസ്ഥാന തലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുംവേണ്ടിയാണ് പദ്ധതിവിഹിതം വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളും ഏജൻസികളും വഴിയാണ് നടപ്പിലാക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നുള്ള ഒരു പ്രതിനിധി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു വർക്കിംഗ് ഗ്രൂപ്പാണ് സംസ്ഥാന തലത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം നല്കുന്നത്. ഒരു കോടി രൂപ വരെയുള്ള പ്രോജക്ടുകൾക്കാണ് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നല്കുന്നത്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും മറ്റു ബന്ധപ്പെട്ട വകുപ്പുകളുടേയും അംഗീകാരം വാങ്ങിയശേഷം മറ്റ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ അംഗീകാരം നല്കുകയാണ് ചെയ്യുന്നത്.

പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാന തല ഉപദേശക സമിതി

114 [2835] ശ്രീ. എം. വി. ജയരാജൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാനതല ഉപദേശക സമിതി ഏറ്റവും ഒടുവിൽ യോഗം ചേർന്നത് എപ്പോഴായിരുന്നു;

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly